MR. T. K. NARAYANA PILLAI: I may say this, that after all, our community is not a commercial one. All that my honourable friend says would be advantageous in a commercial community. But to Nayar community money is not advanced on the strength of promissory notes but in hypothication bonds and mortgage deeds and it is only in very very rare cases that such a contingency as my honourable friend suggests may arise. Merely because certain instances may arise, it does not follow that in the generality of cases such things are common. My point is Mr. Velayudhan Pillai's provision will affect the credit of the community. The Nayars must be in a position to raise money. Their credit must be high in the money market. If it is open for the junior members of the Tarwad to question decrees with representatives of the tarwad as parties, who in the world is going to give advances to the head of the Nayar family? Where will our credit be? Does my honourable friend think that we can go on as in the past? Will not occasions arise when we have to raise money? Have we not got to send our boys and girls to the world outside? In the future world it may not be possible for the Nayar community to work out their fortunes in Travancore. Therefore our young men must go outside to various parts of India, Eastern Asia and make money and come back, if we want to live as a strong community. Our scope for expansion is not much in Travancore. There are other communities and if our members go out there will be greater scope for expansion. Suppose a young man wants to go to Burma. He requires money. Who will give him money if all these restrictions are placed on the power of borrowing money? It is necessary to safeguard our immovable property, but it is equally necessary to safeguard our credit. That being the case, it is better not

LIBRARY ARCHIVES Kerala Legislative Assembly

to give scope for dishonesty. If section 31 goes it will give room for more dishonesty. There are occasions when collusive decrees are passed. But that is not a reason for modifying the law which is embodied in section 31 which has stood the test of time. I do not therefore see any necessity to enact a new piece of legislation the effect of which will be to do away with section 31 of the Nayar Act.

I will deal with section 35 (a) later on.

Then there is the question of pre-emption. The law of pre-emption, if at all, must apply alike to all communities. In section 8 the question of pre-emption is referred to. There is no reason why there must be a particular law of pre-emption for the Nayars alone and no law of pre-emption for the other communities. If it is advantageous to our community it must be equally advantageous to all other communities. There must be a general enactment, let us not make any invidious distinction. We must build up a new position. But that is not by making invidious distinctions. Let us be fair. We gain more by being fair rather than by making invidious distinctions.

I now come to my friend's attempt to create a new type of family. I do not know how that will be possible. Previously, we had the matriarchal family. Now, by the Nayar Act of 1100, we have practically created patriarchal families. It is now the attempt of my friend to bring about a type of mixed family in which both aspects are sought to be blended. Is that humanly possible? A, a Nayar dies. He leaves a widow B, and before him one of his sons C is dead. A also leaves a daughter D. The matriarchal instinct which is still in force in our community impels her on every occasion to leave the family of her husband and go back to her mother's family. If anybody says otherwise, it is very difficult for me to believe that he is giving expression to the sentiments of our community. Can anybody point out that in such circumstances that C's widow has not gone to the original family? Is it not to her advantage to leave A's family in such circumstances and to go back to her original family? The old Marumakkathayam instinct still prevails, and I have not come across a single instance were C's widow has remained in the family of her husband and the tendency, as somebody else has pointed out, is not to bring about a feeling of sympathy between B and C's widow. B's sympathy is with D and her children and not normally with C and her children. The latter case is extremely rare and that being the case, this section goes against the current of the sense of the community. I fear that the flood-gates of litigation will be opened by this provision. I am certain that there will be only litigation between C's widow and D and nobody will be benefited except probably persons like Mr. Velayudhan Pillai and myself. But will the community be benefited. Why should we make them fight, an old lady and her young children fighting along with their relative with no probable benefit for the community. This goes against the very sentiment of our community. It is counter to our feelings. Why place this legislation in the Statute book so that the

LIBRARY ARCHIVES Kerala Legislative Assembly

[Mr. T. K. Narayana Pillai.]

litigation which is already in our midst and which has ruined us may further drag us into dissolution. I therefore venture to doubt the wisdom of this piece of legislation.

Before closing, I may add that what is contemplated in section 7 is in full accordance with the sentiments of our community. Unfortunately, the major portions of the bill are such that it is difficult to recommend the bill to the Select Committee merely because of the advantage under section 7. Let us throw out the bill as a whole and bring in section 7 in a different form before this Honourable House.

MR. K. K. CHELLAPPAN PILLAI: Sir, with very great regret I rise to oppose the Bill of my Honourable friend Mr. Velayudhan Pillai. Of course, he is a lawyer of great standing and a leader of the Nayar community. But he has acted contrary to the sense of the community and not exactly in accordance with wishes of the people as he has expressed himself in the statement of objects and reasons of the Bill. It is with great difficulty and after expending considerable time and energy that the Nayar Act was passed. It was passed in the midst of great opposition of a great many and also with great hilarity among some members of the community. The sponsors of this Act thought that it will enable the Nayar community to shoot itself up into a high position. But all these 20 years we have been plodding and it has brought us away from the Marumakkathayam system. I do not endorse the view that the Nayar bill has brought the expected benefit to the Nayar community. At the time when the bill came to the Legislature I was young and when I came to know the provisions of the bill I certainly thought that it was going to injure the community. Though young, I was one who did not endorse many of the provisions of the bill. We now see that the bill does really work havoc to the community. However, we cannot go back now. The sense of the community which was lacking in it, is coming back to it after the introduction of the present Act, and now it is late or rather unwise for any member of this House to try to impede its progress and impose a system which will in effect be even Mithakshara, or Dayabhaga or any other system. In this case it is neither Dayabhaga nor Mithakshara nor Marumakkathayam law. It is a law, peculiar to Mr. Velayudhan Pillai himself.

The way in which it was brought also deserves condemnation. Sometime ago, at Pantalam a committee was convened to go into this matter. My Honourable friend took part in the Committees. I do not know whether he was a member of the Committee. It was with great difficulty that the Committee was constituted some 4 years ago. The Committee has not done any thing so far. There are local heads appointed to function in the Committee, but nobody was consulted and no measure was formulated after consultation with all those persons. My Honourable friend has now arrogated

LIBRARY ARCHIVES Kerala Legislative Assembly

to himself the role of Manu. Of course, he can do that, but certainly we as members of the community have the right to dispute it. This is another matter which has made me to rise against him.

As regards the provisions, I endorse the opinions thereon expressed by my Honourable friend Mr. T. K. Narayana Pillai and other Honourable members in this House. But here I do not accept the view of my Honourable friend Mr. Narayana Pillai regarding section 7, *viz.*, the provision relating to partition. Of course, opinions differ. I am of the view that the institution of the suit will decide the question of separation of interests, without waiting for a preliminary decree. I do not try to enter into details as regards the various provisions of the bill because they have been thrashed out completely by my Honourable friend.

With these remarks, I oppose the bill.

MR. V. K. VELAPPAN NAIR (*Vaikom cum Kottayam*): മി. ടി. പി. വേലായുധൻപിള്ള ഈ സമയിൽ അവതരിപ്പിച്ചിരിക്കുന്ന ഭേദഗതിബില്ലിനെ ഞാൻ അനുകൂലിക്കുന്നു. ഇവിടെ ബില്ലിനെ പ്രതികൂലിച്ചു് പല വാദങ്ങളും ഉന്നയിച്ചു കേട്ടു. അതിൽ പ്രധാനമായവ മി. വേലായുധൻ പിള്ളക്കു ഇങ്ങനെ ഒരു ഭേദഗതിബിൽ അവതരിപ്പിക്കുന്നതിനു് സമുദായത്തിന്റെ പിൻതുണയില്ലാത്തതുകൊണ്ടു് ഈ ഭേദഗതിയുടെ ആവശ്യകതയെ ചോദ്യം ചെയ്യുന്നതായും ഇതിനുമുൻപു് നായർസമുദായത്തിന്റെ ശക്തിയായ പ്രക്ഷോഭണങ്ങളുടെ ഫലമായി ഉണ്ടായിട്ടുള്ള നിയമത്തിന്റെ ഉദ്ദേശസാദ്ധ്യത്തിനു് അനുയോജ്യമല്ലാത്ത വിധമാണു് മി. വേലായുധൻപിള്ളയുടെ ഭേദഗതി നിലകൊള്ളുന്നതെന്നും, മൂന്നാമതു് മി. വേലായുധൻപിള്ള അവതരിപ്പിച്ചിട്ടുള്ള ഈ ഭേദഗതി നിയമം തന്നെ അട്ടേഫത്തിന്റെ ഉദ്ദേശത്തിനു് അനുസരണമായ പ്രയോജനം നൽകുന്നില്ലെന്നും ഉള്ളതാണു.

ഒരു സംഗതി സമ്മതിച്ചേ തീരു. എൺപത്തിഎട്ടിലേയോ, തൂറിലേയോ, നായർ റഗ്ലേഷൻ നടപ്പാക്കുന്നതിനുവേണ്ടി അന്നു് തിരുവിതാംകൂറിൽ നടന്നിട്ടുള്ള പ്രക്ഷോഭണങ്ങളുടെ രൂപത്തിൽ ഒരു പ്രക്ഷോഭണം ഇന്നു് ഈ ഭേദഗതിക്കുവേണ്ടി ഉണ്ടായിട്ടില്ല എന്നുള്ളതു് പരമാർത്ഥമാണു്. എന്നാൽ എൺപത്തിഎട്ടിലേയോ, തൂറിലേയോ സ്ഥിതിഗതികളാണു് ഒരു പ്രക്ഷോഭണംമൂലം നായർ സമുദായത്തിന്റെ ആവശ്യം നേടത്തക്കവണ്ണം അന്നു് സമുദായത്തിനു് ഉണ്ടായിരുന്നതെന്നും, അന്നത്തെ നില ഇന്നു് നായർ സമുദായത്തിനുണ്ടോ എന്നുള്ളതും ഗാഢമായ പുനരാലോചനയുടെ വിഷയീഭവിക്കേണ്ടതും ആണു. ഫ 0 0 ലേ

LIBRARY ARCHIVES Kerala Legislative Assembly

[Mr. V. K. Velappan Nair.]

നിയമം മൂലം സമുദായം അനുഭവിച്ചിട്ടുള്ള പരിവർത്തനങ്ങളുടെ ഫല മായി സമുദായം അഭിവൃദ്ധിപ്പെട്ടില്ലെന്നുള്ളതു് തീർച്ചയാണു്. ഈ ഭേദഗതി നിയമത്തെ ശക്തിപൂർവ്വവും യുക്തിപൂർവ്വവും എതിർത്തു് വാദിച്ച എന്റെ മാന്യസ്നേഹിതന്മാർപോലും സമുദായം അഭിവൃദ്ധിപ്പെ ട്ടിട്ടുണ്ടെന്നു് വാദിച്ചുകേട്ടില്ല. തുറിലെ നിയമം സമുദായത്തെ ഉയർത്തു ന്നതിനായിരുന്നു എന്നും അന്നു് നിലവിലിരുന്ന നിയമം സമുദായത്തിലെ വ്യക്തികളുടെ പ്രത്യേകമായ അഭിവൃദ്ധിക്കു് ഉപയോഗപ്പെടുത്തുവാനും വ്യവസായങ്ങളിലോ, കച്ചവടത്തിലോ, കൃഷിയിലോ, പ്രവേശിക്കുന്ന തിനു് പ്രതിബന്ധമായിരുന്നു എന്നും ഉള്ളതുകൊണ്ടു് സ്വാതന്ത്ര്യമായി സ്വതന്ത്രവീതിച്ചുകിട്ടിയാൽ സമുദായം അഭിവൃദ്ധിപ്പെടും എന്നും അന്നത്തെ ചെറുപ്പക്കാരുടെ ഇടയിലും, സമുദായപ്രമാണികളുടെ ഇടയിലും ഉണ്ടാ യിരുന്ന അഭിപ്രായഗതിയെ അനുസരിച്ചും ആണു് അന്നു് ആ നിയമം നട പ്പാക്കിയതു്. എന്നാൽ അതുകൊണ്ടുള്ള അനുഭവം നാം കണ്ടുകഴിഞ്ഞു. ഇനിയും ഈ നിയമത്തിന്റെ ഫലം അടുത്തു് ഒരു ഇരുപത്തിരണ്ടു കൊല്ലത്തിനുള്ളിൽ എന്തായിരിക്കുമെന്നു് ഒരു പരീക്ഷണത്തിനുവേണ്ടി കാത്തിരിക്കാതെ, പരപ്രേരണ കൂടാതെയോ സമുദായത്തിന്റെ പിൻതുണ ഇല്ലാതെയോ, മി. വേലായുധൻപിള്ള ഇപ്രകാരം ഒരു ഭേദഗതി കൊണ്ടു വന്നിരുന്നാൽതന്നെയും അതിനെ ഈ സഭ അതു സമുദായത്തിന്റെ പേരിൽ അംഗീകരിക്കുന്നതിൽ എന്തു തെറ്റാണുള്ളതു് എന്നു് എനിക്കു മനസ്സിലാകുന്നില്ല. മി. വേലായുധൻപിള്ള ഈ ഭേദഗതി നിയമം ഈ നിയമസഭയിൽ അവതരിപ്പിക്കുന്നതിനു മുൻപു് ഗസറ്റിൽ പരസ്യം ചെയ്തിരുന്നു. തിരുവിതാംകൂറിലെ ചില പത്രങ്ങളിൽ ഇപ്രകാരം ഒരു ഭേദഗതി നിയമസഭയിൽ അവതരിപ്പിക്കാൻ പോകുന്നതായും പരസ്യം ചെയ്തിരുന്നു. ഇതുവളരെ പ്രാധാന്യമായ ഏതിരഭിപ്രായങ്ങൾ ഈ ഭേദ ഗതിയെ സംബന്ധിച്ചിടത്തോളം സമുദായത്തിലുണ്ടായിരുന്നു എന്നു വരികിൽ നിശ്ചയമായും പത്രക്കാരാ എങ്കിലും തിരുവിതാംകൂറിലുള്ള നായർ സമുദായം അതു പ്രതിധ്വനിപ്പിക്കുമായിരുന്നു എന്നുള്ളതിനു യാതൊരു പക്ഷാന്തരവും ഇല്ല. അങ്ങനെ ഒന്നു കണ്ടതായി ഞാൻ ഓർക്കുന്നില്ല.

MR. K. K. CHELLAPPAN PILLAI: ഏതെല്ലാം പത്രങ്ങളിലാണ് പ്രസിദ്ധം ചെയ്തിരുന്നതു്?

MR. V. K. VELAPPAN NAIR: പല പത്രങ്ങളിലും പ്രസിദ്ധപ്പെടുത്തി യിരുന്നു. ബിൽ ഗസറ്റിലും പരസ്യം ചെയ്തിരുന്നു. മി. വേലായുധൻ

LIBRARY ARCHIVES Kerala Legislative Assembly

പിള്ള ഇങ്ങനെ ഒരു ബിൽ നിയമസഭയിൽ അവതരിപ്പിക്കാൻ പോകുന്നു എന്ന് പല പത്രങ്ങളിലും പ്രസിദ്ധം ചെയ്തിരുന്നതായിട്ട് എനിക്ക് അറിയാം.

MR. S. SANKARANARAYANAN TAMPI : അനുകൂലമായ അഭിപ്രായം മലയാളരാജ്യത്തിൽ മാത്രമല്ലയോ എഴുതിയിരുന്നത്?

MR. V. K. VELAPPAN NAIR : അതേപ്പറ്റി ഞാൻ പറയുന്നില്ല. അനുകൂലമായ അഭിപ്രായം. എഴുതിയിരുന്നതിനെപ്പറ്റിയല്ല, പ്രതികൂലമായ അഭിപ്രായം പുറപ്പെടുവിക്കാത്തതിലാണ് ഞാൻ സഭയുടെ കാര്യമായ ശ്രദ്ധയെ ക്ഷണിക്കുന്നത്. ഒരു ഭേദഗതി നിയമം നിയമസഭയുടെ പരിശോധനയ്ക്ക് വിഷയീകരിക്കാൻ പോകുന്നു എന്നുള്ള വസ്തുത തിരുവിതാംകൂറിലെ നായർ സമുദായത്തിന്റെ ദൃഷ്ടിയിൽ പെട്ടിരുന്നിട്ടും അങ്ങനെ ഒരു ഭേദഗതി നായർ സമുദായത്തിന് ആവശ്യമില്ലെന്ന് പത്രപ്രവർത്തകർ എങ്കിലും വെളിവാക്കുന്നതിന് സമുദായ സ്നേഹികളിൽ ആരുംതന്നെ മുതിർന്നു കണ്ടില്ല.

മി. വേലായുധൻപിള്ളയ്ക്ക് സമുദായത്തിന്റെ പിൻതുണയുണ്ടോ ഇല്ലയോ എന്നുള്ള കാര്യം വളരെ കാര്യമായി പരിശോധിക്കേണ്ട ആവശ്യമില്ല. ഈ ബില്ലിന് ഒറ്റ ശത്രുതൻപോലും എതിരാണെന്ന് ഇതിനുമുമ്പ് തെളിയിച്ചിട്ടില്ലാത്തടത്തോളം കാലം സമുദായത്തിന്റെ പിൻതുണ ഉണ്ടെന്നാണ് അനുമാനിക്കേണ്ടതു്.

ഇന്ന് മി വേലായുധൻപിള്ള സഭ മുമ്പാകെ അവതരിപ്പിച്ചിരിക്കുന്ന ഭേദഗതികൊണ്ട് അദ്ദേഹം ഉദ്ദേശിക്കുന്ന കാര്യം തന്നെ സാധിക്കുന്നില്ല എന്നുള്ളതാണ് അടുത്ത ഒരു ആക്ഷേപം. എന്നാൽ ഈ ഭേദഗതിയെ ഗാഢമായി ചിന്തിക്കുന്നതിനും, നിരൂപണം ചെയ്യുന്നതിനും, ഉപയോഗപ്പെടുത്തുകയല്ലാതെ അതു് രൂപാന്തരപ്പെടുത്തുന്നതിനു വേണ്ടിയാണ് ഈ സഭ മുമ്പാകെ അവതരിപ്പിച്ചിരിക്കുന്നതു്. ഇതിലുള്ള കുറവുകളും കുറവുകളും പരിശോധിച്ച് സമുദായത്തിന് ക്ഷേമമെന്നു തോന്നുന്ന മാർഗ്ഗങ്ങളിൽക്കൂടി നിയമം രൂപീകരിക്കണമെന്നാണ് എന്റെ അഭിപ്രായം.

എന്റെ സ്നേഹിതന്മാരിൽ ചിലർ പുറപ്പെടുവിച്ചിട്ടുള്ള മറ്റൊരു അഭിപ്രായം അയിരത്തിന്നൂറിലെ നിയമം മൂലം നായർ സമുദായം മക്കത്തായമായി തീർന്നിരിക്കുകയാണെന്നും ഈ ഭേദഗതികൊണ്ട് സമുദായത്തെ തിരിയെ മരുമക്കത്തായത്തിലേക്ക് പിടിച്ചു കെട്ടികൊണ്ടുപോകുന്നു എന്നുമാണ്. എന്നാൽ ഇന്നും നായർ സമുദായം മക്കത്തായമായില്ല

LIBRARY ARCHIVES Kerala Legislative Assembly

[Mr. V. K. Velappan Nair.]

മരുമക്കത്തായമായി മാത്രം അവശേഷിക്കുന്നു എന്നാണ് എനിക്കു പറയാനുള്ളത്. സ്ത്രീകളാണെങ്കിൽ അവർക്കു കിട്ടുന്ന സ്വത്തു അവരുടെ മക്കൾക്കും പെൺമക്കളുടെ മക്കൾക്കും തമ്മിൽ വീണ്ടും ഭാഗിക്കപ്പെടുന്നു. പുരുഷനാണെങ്കിൽ അയാളുടെ സ്വത്തു ഭാര്യയ്ക്കും കുട്ടികൾക്കുമായി കൊടുത്തതിനുശേഷം പെൺവഴിക്കു അതു വീണ്ടും മരുമക്കത്തായകുടുംബത്തിലെ നിയമം അനുസരിച്ചുള്ള ഭാഗത്തിനു വിധേയമായി തീരുന്നു. ഇതു കൂടാതെ മറ്റൊരു സമുദായത്തിനും ഉണ്ടായിട്ടില്ല. മി. വേലായുധൻപിള്ള തന്നെ പ്രസ്താവിച്ചതു് ഏതു വിധമായ ഭേദഗതികളോടുകൂടി അയാലും ഈ ബിൽ സിലക്ട് കമ്മറ്റിക്കയച്ചു് അവശ്യമുള്ള ഭേദഗതികൾ വരുത്തി സമുദായത്തിനു ക്ഷേമമെന്നുള്ള രീതിയിൽ നിയമമാക്കുന്നതാൽ അദ്ദേഹം പരിപൂർണ്ണമായി യോജിക്കുന്നുവെന്നാണ്. സമുദായത്തിന് ഇതുവരെയുമുള്ള അനുഭവംകൊണ്ടു് ഇപ്രകാരം ഒരു ഭേദഗതിയുടെ അവശ്യകത ഉണ്ടെന്നുള്ള കാര്യം തീർച്ചയാണ്. അതിനാൽ ഈ ഭേദഗതിയിൽ സ്വീകാര്യമായിട്ടുള്ളതു് സ്വീകരിച്ചും, ഉപേക്ഷിക്കേണ്ടവയെ ഉപേക്ഷിച്ചും, അവശ്യമെന്നു തോന്നുന്നവയെ കൂടുതൽ ചേർത്തും ഇതിനെ നിയമമാക്കുന്നതിന് സിലക്ട് കമ്മറ്റിക്കു് അയയ്ക്കുണമെന്നും കമ്മറ്റി ഗാഢമായി ആലോചിച്ചു് വേണ്ടതു് ചെയ്യണമെന്നും ഉള്ള അഭിപ്രായത്തോടുകൂടി ഞാൻ ഈ ഭേദഗതിയെ അനുകൂലിക്കുന്നു.

PRESIDENT: Order, Order. I have taken the sense of the House with regard to closure and found that the sense of the House was not in favour of closure. I however realise that there is atleast one motion in regard to which Honourable members in many parts of this House wish to have further elucidation, namely, that dealing with food situation. It is clear, judging from the course of the debate, that there are many others who wish to speak on this matter. I would therefore suggest for the consideration of this Honourable House whether a detailed consideration of the motion may not be adjourned to the next meeting which would be called up soon. Meanwhile, the motion may be formally moved by someone and the Chief Secretary will explain the position. It is a matter which is entirely in the hands of the House and I am suggesting it only from the point of view of convenience.

MR. S. CHATTANATHA KARAYÁLAR (*Pathanapuram* cum *Shenkottah, Deputy President*): Sir, one of the main objects of this Bill, as stated in the objects and reasons is to check the tendancy to further fragmentation of property in the hands of the Nayars. There is no doubt that during the course of the operation of the Nayar Act, over the last 20 years, division of properties held by Nayar Tharwads have gone on

LIBRARY ARCHIVES Kerala Legislative Assembly

without any check so much so, that at present such holdings have become absolutely uneconomic. This had led to a great social evil. It is needless to emphasise that any attempt aiming at the prevention of further fragmentation or securing consolidation of holdings has to be welcomed. If this object is served to some extent at least by this measure, the Bill has to be given support.

Let me turn my attention for a moment to the question whether this object is served by this Bill. So far as I can see, the only provision aimed at the prevention of fragmentation seems to be contained in the proposed section 35 (a) under clause 6. But, even that provision does not go very far. So far as I can see it only delays partition, that is, it serves to put off the evil day, as one of my Honourable friends said. It does not really prevent the evil, but only delays it. That is the limited extent to which this Bill goes.

Let me next see whether there is any provision for consolidation of holdings. The only provision which has been made in this direction is contained in clause 8 which provides for the right of pre-emption among co-shares. This clause contains potentialities for securing consolidation of holdings. This Bill therefore goes to a very limited extent towards achieving the main object with which it has been brought forward.

One point which was emphasised by Honourable members is that this Bill if enacted would take the society back to the state of affairs that existed prior to the enactment of 1100 I wonder whether this will really be the case. So far as I can see, it cannot happen.

I would like to have these points cleared by my Honourable friend the mover of the Bill. It is to get a classification on these points that I made these remarks.

MR. P. S. MUHAMED: സർ, ഈ ബില്ലിനെ മുൻനിറ്റി രണ്ടു വാക്ക് പറയണമെന്നു ഞാൻ ആഗ്രഹിക്കുന്നു. ഒരു സമുദായത്തിന്റെ അഭിവൃദ്ധിയേയും അതിന്റെ സംരക്ഷണത്തേയും ലാക്കാക്കി സമുദായത്തിൽനിന്നുതന്നെ കൊണ്ടുവരപ്പെട്ടതു ബില്ലുകളിൽ, മറ്റുള്ളവർ ആ സമുദായാംഗങ്ങളുടെ നിലയെ അഭ്രയിച്ചും അഭ്രഹം അനുസരിച്ചും പ്രവർത്തിക്കേണ്ടതു അവശ്യമാണെന്നു എനിക്കു തോന്നുന്നു. ഈ ബില്ലു് മി. ററി. പി. വേലായുധൻപിള്ളയാണു് അവതരിപ്പിച്ചതു്. അദ്ദേഹം നായർസർവീസ് സൊസൈറ്റിയിലെ ഒരു പ്രവർത്തകനാണു. അദ്ദേഹത്തിന്റെ അടുത്തുതന്നെ നായർസർവീസു് സൊസൈറ്റി പ്രസിഡൻറും ഇരിക്കുന്നു. അതുകൊണ്ടു് ഈ ബില്ലു് പെട്ടിഷ്യലായി നായർ സർവീസു സൊസൈറ്റിയുടെ വകയാണെന്നു പറഞ്ഞിട്ടില്ലെങ്കിലും അതിന്റെ സമ്മതത്തോടുകൂടിത്തന്നെയാണു് കൊണ്ടുവരപ്പെട്ടിട്ടുള്ളതെന്നു ഉദ്ദേശിക്കാം.

MR. K. A. MATHEW: പ്രസിഡൻറു അടുത്തിരിക്കുന്നതു കൊണ്ടാണോ അപ്രകാരം ഉദ്ദേശിച്ചതു്?

LIBRARY ARCHIVES Kerala Legislative Assembly

MR. P. S. MUHAMED : നായർസവീസു സൊസൈറ്റിയിലെ ചില പ്രവർത്തകന്മാരും പിൻതാങ്ങി സംസാരിച്ചതുകൊണ്ടു, മനസിലാക്കാം, അതു നായർസവീസു സൊസൈറ്റിയുടെ അനുമതിയോടും അനുകൂലത്തോടും കൂടിത്തന്നേയാണ് കൊണ്ടുവന്നിട്ടുള്ളതെന്നു. നായർസവീസു സൊസൈറ്റി നായന്മാരെ എല്ലാവരേയും പ്രതിനിധീകരിച്ചു പ്രവർത്തിക്കുന്ന ഒരു സംഘടനയാണെന്നുള്ളതാണ് മറ്റൊരുകാര്യം. ഇന്നു സംഘടിതമായ ഒരു സംഘടന നായന്മാക്കുണ്ടെങ്കിൽ അതു സവീസു സൊസൈറ്റി മാത്രമാണ്. അതിന്റെ വ്യാപ്തി എത്രമാത്രമുണ്ടെന്നല്ല ഇവിടെ നോക്കുന്നതു്. എന്നാൽ ഇന്നു നായന്മാരുടെയിടയിൽ നിലവിലിരിക്കുന്ന ഒരു സംഘടന നായർസവീസു സൊസൈറ്റി മാത്രമാണ്. അതുകൊണ്ടു മറ്റു സമുദായങ്ങളിൽപ്പെട്ട മെമ്പറന്മാർ സാമുദായികദൃഷ്ട്യാ നോക്കുന്നപക്ഷം, സംഘടിച്ചുനിൽക്കുന്ന ഒരു സംഘടനയിലെ വ്യക്തികൾ അവരുടെ പ്രവർത്തകന്മാരുടെ അനുമതിയോടുകൂടി കൊണ്ടുവരുന്ന ബില്ലുകൾ സമുദായത്തിന്റെ പൊതുവായ ആഗ്രഹം അനുസരിച്ചു കൊണ്ടുവരപ്പെട്ടിട്ടുള്ളതാണെന്നു വിചാരിക്കുവാനെ നിവർത്തിയുള്ളു. അതു വച്ചുകൊണ്ടാണു് ഈ ബിൽ സെലക്ട് കമ്മറ്റിയിൽ അയക്കുകയാണെങ്കിൽ അവിടെ അതിന്റെ മറ്റു ദുഷ്യങ്ങൾ പരിഹരിച്ചു ശരിപ്പെടുത്താമെന്നു ഞാൻ വിചാരിച്ചതു്. വാസ്തവത്തിൽ ചില സമുദായങ്ങൾക്കു് പാരമ്പര്യമായിത്തന്നെ ചില വാസനകളുണ്ടു്. മുസ്ലീംസമുദായത്തെ സംബന്ധിച്ചു പറയുകയാണെങ്കിൽ ഇൻഹെരിറ്റൻസു വ്യക്തി വിഭജന സ്വഭാവമാണു് അവർ ആഗ്രഹിക്കുന്നതു. അങ്ങനെയുള്ള പരിതഃസ്ഥിതിയുമായിട്ടാണു് അവർ പരിചയപ്പെട്ടിട്ടുള്ളതു്. അതു് ഒരാളേ ക്ഷേത്രനായിട്ടും, ദരിദ്രനായിട്ടും കൊണ്ടുവിടുന്നു എന്നുവരാം. കുടുംബപാരമ്പര്യത്തെ നിലനിർത്തുന്ന സമ്പ്രദായത്തെ ഒരുകൂട്ടർ ആഗ്രഹിക്കുന്നു. ആ ആഗ്രഹമനുസരിച്ചായിരിക്കണം മി. റ്റി. പി. വേലായുധൻപിള്ള ഈ ബിൽ ഇവിടെ അവതരിപ്പിച്ചതു്. ആ ആഗ്രഹം സമുദായത്തിന്റെ പൊതുവായ ആഗ്രഹമാണോ എന്നു സെലക്ട് കമ്മറ്റിക്കു് അന്വേഷിച്ചു ഗ്രഹിക്കാൻ സാധിക്കും. ഈ ബിൽ സെലക്ട് കമ്മറ്റിക്കു് അയക്കുന്നതിൽ യാതൊരു ദുഷ്യവും ഉണ്ടാകയില്ലെന്നാണ് എന്റെ വിശ്വാസം.

RAJYASEVANIRATA K. G. PARAMESWARAN PILLAI : സർ, മി. റ്റി. പി. വേലായുധൻപിള്ള അവതരിപ്പിച്ചതായ ബില്ലിനെ ഞാൻ ശക്തിയായി അനുകൂലിച്ചുകൊള്ളുന്നു. അതിനുള്ള കാരണം

LIBRARY ARCHIVES Kerala Legislative Assembly

ഫ ഫ 0 0 –ാമാണ്ടിനുമുമ്പു തിരുവിതാംകൂറിന്റെ നാനഭാഗങ്ങളിലുമുള്ള നായർ സമുദായങ്ങൾ മീറ്റിംഗ്കൂടുകയും സമുദായത്തിനു ഭാഗംവേണമെന്നു അഭിപ്രായപ്പെട്ടു. ഒരു കൂട്ടർ ആളോഹരിഭാഗം വേണമെന്നും മറെറാരുകൂട്ടർ തായവഴിഭാഗം വേണമെന്നും അഭിപ്രായമുണ്ടായിരുന്നു. ഞാൻ തായവഴി ഭാഗക്കാരനായിരുന്നു. കൊല്ലത്തു ഇതു സംബന്ധിച്ചു ധാരാളം മീറ്റിംഗ്കൾ കൂടി. ചെറുപ്പക്കാർ അന്നു ആളോഹരിഭാഗത്തിനു അനുകൂലികളായിരുന്നു. ആളോഹരി കിട്ടിയാൽ മാത്രമേ കച്ചവടം, കൈത്തൊഴിൽ, ഇവകൾക്കു ചെയ്യുന്നതിനു പണം കിട്ടുകയുള്ളു എന്നായിരുന്നു അവരുടെ വാദം. ഫ ഫ 0 0 –ൽ ഭാഗം ആരംഭിച്ചു. ഫ ഫ 0 ന–ാമാണ്ടു ഞാൻ നിയമനിർമ്മാണസഭാമെമ്പർസ്ഥാനത്തു നിൽക്കുന്നകാലത്തു ഓരോ സ്ഥലങ്ങളിൽ ചെല്ലുമ്പോൾ കാരാ വീട്ടിലേയും കാരണവന്മാർ അമ്പതോ നൂറോ പേർക്ക് ആഹാരം തരുന്നതിനു തയ്യാറായിരുന്നു. ഫ ഫ 0 സ–ൽ ആ കാരണവന്മാരെ ആ സ്ഥലങ്ങളിൽ കാണാനില്ലാതായി. ഫ ഫ 0 ൻ-ലെ ഇല്ലക്ഷൻകാലത്തു തറവാട്ടുകാരംപോലും ഇല്ലാതായി. ഇപ്പോൾ നായന്മാരുടെ സ്ഥിതി എന്താണ്. നായന്മാർക്കു തൊഴിലില്ല. അവരുടെ വസ്തുക്കൾ പോയി. ഇപ്പോൾ മിക്കതായമായി. ഞാൻ അതിനെ കുറ്റം പറയുന്നില്ല. നായന്മാരുടെ വസ്തുക്കൾ ഇതു എല്ലപ്പത്തിൽ പോകാനിടയായതു അർഹവീതം ഭാഗമാണെന്നുള്ളതിനു യാതൊരു സംശയവുമില്ല. വളരെ ആലോചന നടത്തിയതിന്റെ ഫലമായി പന്തളത്തു വച്ചു ഒരു സബ്കമ്മറിയെ നിയമിച്ചു. മി. ജി. കൃഷ്ണപിള്ളയെ പ്രസിഡൻറായിട്ടും നേതാക്കന്മാരിൽ കുറെ ആളുകളെ മെമ്പറന്മാരായിട്ടും മറും നിയമിച്ചു. അവർ യാതൊരു നടപടികളും ചെയ്തില്ല.

Mr. K. K. CHELLAPPAN PILLAI : അതിലെ കൺവീനർ ആരായിരുന്നു?

RAJYASEVANIRATA K. G. PARAMESWARAN PILLAI : കൊട്ടാരക്കര മി. ഈശ്വരപിള്ളയായിരുന്നു കൺവീനർ. ഇപ്പോൾ ഒരുദ്യം എന്റെ അദ്ധ്യക്ഷതയിൽ ചങ്ങനാശേരിയിൽവച്ചു നടന്നയോഗത്തിൽ, പന്തളത്തുവച്ചു അംഗീകരിച്ച കമ്മറി റിപ്പോർട്ട് എന്താണെന്നറിയണമെന്നും, ഭാഗത്തെസംബന്ധിച്ചു അവതരിപ്പിക്കാൻ ഉദ്ദേശിക്കുന്ന ബിൽ എന്താണെന്നും പല ചോദ്യങ്ങളും വന്നുകൊണ്ടിരുന്നു. അതു സംബന്ധിച്ചു പ്രമേയങ്ങളും പാസാക്കി അയക്കുകയും ചെയ്തുകൊണ്ടിരുന്നു. അതിനെപ്പറ്റി ഇപ്പോൾ ചിങ്ങമാസത്തിൽ ചങ്ങനാശേരിയിൽവച്ചു എന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ ഒരു പ്രത്യേക കമ്മറി നിയമിക്കണമെന്നും, ബിൽ തയ്യാറാക്കി കൗൺസിലിൽ അയക്കണമെന്നും, തീരു

LIBRARY ARCHIVES Kerala Legislative Assembly

[Rajyasevanirata K. G. Parameswaran Pillai.]

മാനിച്ചു. ആ അവസരത്തിൽ മി. റ്റി. പി. വേലായുധൻപിള്ള തയ്യാറാക്കിയതായ ഈ ബിൽ ഫാജരാക്കുന്നതിനു അനുവാദം വേണമെന്നു ആവശ്യപ്പെടുകയും, അങ്ങനെ അനുവദിക്കുകയും ചെയ്തു. തിരുവിതാംകൂറിലെ നായന്മാരുടെ എല്ലാവരുടേയും അനുവാദം കിട്ടിയില്ലെന്നു ചിലർ പറയുന്നു. എല്ലാവരുടേയും അനുവാദം വാങ്ങിക്കാനുള്ള ശേഷി ഇപ്പോഴത്തെ നായന്മാക്കില്ലെന്നുവേണം പറയാൻ.

ഇപ്രകാരം ഒരു ബിൽ അസംബ്ലിയിൽ ഫാജരാക്കാൻ പോകുന്നു എന്ന വിവരം പത്രങ്ങളിൽ പരസ്യം ചെയ്തിരുന്നു. ഗസറ്റിൽ പബ്ലിഷും ചെയ്തിരുന്നു. എന്നാൽ അതിനെ സംബന്ധിച്ചു യാതൊരു അഭിപ്രായവും പ്രകടിപ്പിച്ചില്ല. ഇന്നു കൗൺസിലിൽ ഫാജരാക്കിയപ്പോഴാണു ബഹുമാനപ്പെട്ട മെമ്പാന്മാർ ഇതിനെപ്പറ്റി പല വിമർശനങ്ങളും ചെയ്തുണ്ടു. ബില്ലിൽ പല കുറവുകളും ഉണ്ടായിരിക്കാം. സെലക്ട് കമ്മറ്റിയിൽ പോയി എന്തെല്ലാം ഭേദഗതികൾ ചെയ്യണമോ അതെല്ലാം ചെയ്യുന്നതിനു മി. റ്റി. പി. വേലായുധൻപിള്ള തയ്യാറാണു. ഈ ബിൽ സെലക്ട് കമ്മറ്റിക്കു് അയക്കണമെന്നാണു് എന്റെ അഭിപ്രായം.

MR. S. SANKARANARAYANAN TAMPI: ഫ്ലോർ—നശേഷം ചെയ്തിട്ടുള്ള കരണങ്ങളും, അതിനുമുമ്പു ചെയ്തിട്ടുള്ള കരണങ്ങളും നോക്കിയാൽ എത്രാണു് സംഖ്യയിൽ കൂടുതലെന്നു സഭയെ ബ്രസ്താവിക്കുമോ?

RAJYASEVANIRATA K. G. PARAMESWARAN PILLAI: ഭാഗം ചെയ്തതിനു ശേഷമാണു് കൂടുതൽ കരണങ്ങളും ഉണ്ടായിട്ടുള്ളതു്.

MR. S. SANKARANARAYANAN TAMPI: ശരിയായ അന്വേഷണം നടത്തിയതിനു ശേഷമാണോ ഈ അഭിപ്രായം പറയുന്നതു്?

RAJYASEVANIRATA K. G. PARAMESWARAN PILLAI: സർവ്വെ ഒന്നും നടത്തിയിട്ടില്ല. അനുഭവംകൊണ്ടു പറഞ്ഞതാണു്. ഇപ്പോഴത്തെ നായന്മാക്കു കിടക്കാൻപോലും സ്ഥലമില്ലാതായി.

MR. K. R. NARAYANAN: (*Nominated*): സർ, മി. റ്റി. പി. വേലായുധൻപിള്ള ഫാജരാക്കിയ ഭേദഗതിബില്ലിനേയും അതിനെ അനുകൂലിച്ചും പ്രതികൂലിച്ചും നടന്ന പ്രസംഗങ്ങളേയും അതർഹിക്കുന്ന പ്രാധാന്യത്തോടുകൂടി ആലോചിച്ചുനോക്കി. നിലവിൽ നിൽക്കുന്ന നായർബിൽ നായർസമുദായത്തിനു ഗുണമാണോ ദോഷമാണോ എന്നുള്ള പ്രശ്നമാണു് പ്രധാനമായിരിക്കുന്നതു്. നിലവിൽ നിൽക്കുന്ന നായർബിൽ ഗുണമാണെന്നു പറയുന്നതിനു ആരും ഇപ്പോൾ ഇവിടെ ഇല്ല. എന്റെ ബഹുമാന്യ

LIBRARY ARCHIVES Kerala Legislative Assembly

സ്നേഹിതൻ മി: തമ്പി ഫ്രം ഫ്രം ഠ _ന് ശേഷം നായന്മാർ എത്രമാത്രം ആധാരങ്ങൾ നടത്തിയിട്ടുണ്ടെന്നു ബഹുമാനപ്പെട്ട മി. കെ. ജി. പരമേശ്വരൻപിള്ളയോട് ചോദിക്കുന്നു. സെൻസസ്സ് റിപ്പോർട്ടിന്റെ അവസാനഭാഗത്തു സെൻസസ്സ് കമ്മീഷണരുടെ അപ്പൻറിക്സ് നോക്കിയാൽ ഈ സംഗതി വ്യക്തമായി കാണാൻ കഴിയും. നായർസമുദായത്തെക്കാൾ താഴ്ചപ്പത്തുള്ള പല സമുദായങ്ങളും തിരുവിതാംകൂറിലുണ്ട്. ഈ വീക്ഷണഗതിയിൽകൂടി നോക്കിയാൽ ദിവസംതോറും നശിച്ചുകൊണ്ടിരിക്കുന്ന ഒരു സമുദായമാണ് നായർ സമുദായം. അതിലേയ്ക്ക് രേഖകളും വ്യക്തമായിട്ടുണ്ട്. ഇത്രമാത്രം നായർസമുദായത്തിന്റെ സാമ്പത്തികനിലയെ കരണ്ടുകൊണ്ടിരിക്കുന്ന ബില്ലിൽ മാറ്റം വരുത്തുന്നതു അപരിത്യാജ്യമായ ഒരു ആവശ്യമാണ്. ഈ ബില്ലിനെ സംബന്ധിച്ചു എന്റെ ബഹുമാന്യ സ്നേഹിതന്മാർ മി. ചെല്ലപ്പൻപിള്ള, മി. ശങ്കരപ്പിള്ള മുതലായ ആളുകൾ പറഞ്ഞതായ എതുവശങ്ങൾ അതർഹിക്കുന്ന ഗൗരവത്തോടുകൂടി ആലോചിച്ചുനോക്കി. ആവക കാര്യങ്ങളെല്ലാം സെലക്ട് കമ്മറിക്കു പര്യാലോചിക്കാവുന്നതാണ്.

MR. K. K. CHELLAPPAN PILLAI : ബില്ലിന്റെ പ്രധാന തത്വത്തിനു വിപരീതമായ മാറ്റങ്ങൾ സെലക്ട് കമ്മറിക്ക് വരുത്തുവാൻ സാധിക്കുമോ?

MR. K. R. NARAYANAN : എനിക്കു തോന്നുന്നതു് സാധിക്കുമെന്നാണു്. പരിപൂർണ്ണമായി സാധിക്കാൻ കഴിഞ്ഞില്ലെന്നുവരാം. അതിനെത്തുടർന്നു പറയാനുള്ളതു്, നൂറു ഭേദ്യങ്ങൾ ഉള്ളതിൽ എഴുപത്തിയഞ്ചു ഭേദ്യങ്ങൾ പരിഹരിച്ചതിനുശേഷം ബിൽ പാസാക്കുകയും ബാക്കിയുള്ള ഇരുപത്തിയഞ്ചു ദോഷങ്ങൾ പരിഹരിക്കപ്പെടുന്നതിനുവേണ്ടി മി. ചെല്ലപ്പൻപിള്ള വേറൊരു ബിൽ അവതരിപ്പിക്കയും ചെയ്താൽ മതി എന്നാണു്. എന്റെ പരിപൂർണ്ണമായ അഭിപ്രായം ഈ ബിൽ സെലക്ട് കമ്മറിയിലേക്കു് അയക്കണമെന്നാണു്. മി. റ്റി. പി. വേലായുധൻപിള്ളക്കു് സമുദായത്തിന്റെ പിൻതുണയുണ്ടോ, പിൻതാങ്ങലുണ്ടോ എന്നെല്ലാം ചോദിക്കുന്നതായി ഞാൻ കേട്ടു. ആ ചോദ്യങ്ങൾ തികച്ചും ബാലിശമാണു്. നായർസമുദായത്തെ പ്രതിനിധീകരിക്കുന്ന ഒരു സംഘടന സർവീസ് സൊസൈറ്റിയാണെന്നുള്ളതു് അവിതർക്കിതമായ ഒരു പരമാർത്ഥം മാത്രമാണു്. എന്തെങ്കിലും നേട്ടങ്ങൾ സമുദായത്തിനുണ്ടായിട്ടുണ്ടെങ്കിൽ അതിനുത്തരവാദി നായർസർവീസ് സൊസൈറ്റിയാണു്. നായർസമുദായത്തിനു വേറേ സ്ഥാപനങ്ങൾ ഇല്ലാതിരുന്നിടത്തോളം കാലവും മറ്റു പല കാരണങ്ങൾകൊണ്ടും സർവ്വീസ് സൊസൈറ്റിയെ

LIBRARY ARCHIVES Kerala Legislative Assembly

[Mr. K. R. Narayanan.]

ചോദ്യം ചെയ്യുന്നതു ശരിയാണോ എന്നു ഞാൻ സംശയിക്കുന്നു. അതിൽ ചേർന്നിട്ടുള്ള അംഗങ്ങളുടെ നമ്പർ വച്ചുകൊണ്ടാണ് ചോദ്യം ചെയ്യുന്നതെങ്കിൽ ഒരു സാമുദായികസംഘടനയ്ക്കും നിലനിൽക്കുവാൻ സാധിക്കുകയില്ല. തിരുവിതാംകൂറിനെ മുഴുവൻ പ്രതിനിധീകരിക്കുന്നു എന്നു പറയുന്ന ചില സ്ഥാപനങ്ങളും എത്ര അംഗങ്ങളെ ചേർത്തുകൊണ്ടാണ് സംസാരിക്കുന്നതു് എന്നു ഞാൻ ചോദിക്കുന്നു. കുറെ അംഗങ്ങളെ ചേർത്തുകൊണ്ടു് സമുദായത്തെ പ്രതിനിധീകരിക്കുന്നു എന്നു പറയുകയല്ലാതെ അടിയാമൂടിയുള്ള ആളുകളെ ചേർക്കാൻ സൂര്യചന്ദ്രന്മാർ ഇരിക്കുന്ന കാലത്താളം സാധിക്കുകയില്ല.

MR. K. K. CHELLAPPAN PILLAI : സർവീസ് സൊസൈറ്റിയിലെ ഗവർണിംഗ് കമ്മറ്റിയിൽ അഡ്വക്കേറ്റുകളുണ്ടോ?

MR. K. R. NARAYANAN : ഉണ്ടു്. ബിൽ അവതരിപ്പിക്കുവാൻ പോകുന്നു എന്നു പത്രപ്രസ്ഥാവനയുണ്ടായിട്ടും ഗസറ്റിൽ പരസ്യം ചെയ്തിരുന്നിട്ടും ഒരു അഡ്വക്കേറ്റുപോലും എതിരഭിപ്രായം പറയാത്തതുകൊണ്ടു് എല്ലാവരും ഈ ബില്ലിനു അനുകൂലികളാണെന്നു ന്യായമായി വിശ്വസിക്കാം.

MR. R. MADHAVAN NAIR : സമുദായകാര്യങ്ങളെപ്പറ്റി ഒരു അഭിപ്രായം പറയുന്നതിനു അഡ്വക്കേറ്റുകൾക്കുമാത്രമേ അവകാശമുള്ളോ?

MR. K. R. NARAYANAN : എല്ലാവർക്കും അവകാശമുണ്ടു്.

MR. C. K. SANKARA PILLAI : ആരോടു് എതിരു പറയണമെന്നാണു മെമ്പറുടെ അഭിപ്രായം?

MR. K. R. NARAYANAN : എന്റെ ബഹുമാന്യ സ്നേഹിതന്റെ ചോദ്യത്തിൽ എനിക്കു് അത്ഭുതവും സങ്കടവും തോന്നുന്നു. ഒരു പ്രശ്നത്തെക്കുറിച്ചു അഭിപ്രായം പറയേണ്ടതു എവിടെയാണെന്നു അദ്ദേഹത്തിനും അറിയാം; എനിക്കുമറിയാം. കടലാസും മഷിയും കയ്യിലിരിക്കുമ്പോൾ അഭിപ്രായം പറയേണ്ടതു ആരോടാണെന്നു ഭഗ്നഭാരതം കേസിലെ പ്രതിയായ മി. ശങ്കരപ്പിള്ള ചോദിക്കുന്നതിൽ എനിക്കത്ഭുതം തോന്നുന്നു. മി. ററി. പി. വേലായുധൻപിള്ളയുടെ ബില്ലിനു മൗനമായി സ്വാഗതമരുളിയ സമുദായം എതിരാണെന്നു പറയുവാൻ എന്തെങ്കിലും കാരണമുണ്ടോ?

MR. C. K. SANKARA PILLAI : സമുദായം മൗനമായിരിക്കുന്നു എന്നു പറയുന്നതിനെ ഞാൻ ചോദ്യംചെയ്യുന്നു.

LIBRARY ARCHIVES Kerala Legislative Assembly

Mr. K. R. NARAYANAN : ഞാൻ സമുദായമെന്നു വിക്കിച്ചതു നായർ സമുദായത്തെയാണ്. അവരുടെ പ്രതികൂലമായ എതിരുകൾ അധികമായി ഞാൻ കണ്ടിട്ടില്ല. എല്ലാ സന്ദർഭങ്ങളിലും ഇങ്ങനെയൊരു ബിൽ അപരിത്യാജ്യമായ ഒരു ആവശ്യമാണെന്നാണു് തോന്നീട്ടുള്ളതു്. എന്തിനധികം പറയുന്നു. മി. ശങ്കരപ്പിള്ളക്കും അറിയാം, എനിക്കും അറിയാം നായന്മാരുടെ സാമ്പത്തികനില ഇപ്പോൾ എന്താണെന്നു്. നായർസ്ത്രീകളുടെ നിലയേപ്പറ്റി മഹാകവി വള്ളത്തോൾ ഒരിക്കൽ അഭിപ്രായം രേഖപ്പെടുത്തിയിട്ടുണ്ടു്. ആ നിലയാണോ ഇപ്പോഴുള്ളതു്. ഇന്നു നായർസമുദായത്തിലെ സ്ത്രീകൾ നെല്ലുകുത്തിയും തെങ്ങുകയറിയും നടത്തുന്ന അപമാനകരമായ രീതിയിൽ പെരുമാറിവരുന്ന നില പരിതാപകരമാണു്.

Mr. K. BALAKRISHNA MENON : (*Kunnathnad* cum *Parur*) : Will the honourable member withdraw that sentence?

PRESIDENT : So far as I understand Malayalam the expression means "pitiful condition". That, I think, will be a correct translation.

Mr. K. K. CHELLAPPAN PILLAI : No, Sir, it means something more than that.

Mr. K. BALAKRISHNA MENON : Sir, we want the honourable member to withdraw the expression.

PRESIDENT : What was the word used Mr. Narayanan?

Mr. K. R. NARAYANAN : "അപമാനകരം"

PRESIDENT : I do not think he meant any obliquity.

Mr. K. K. CHELLAPPAN PILLAI : It is really a very objectionable word. We want the honourable member to withdraw the word.

PRESIDENT : So far as I can see, the word "അപമാനകരം" does not cannote any bad meaning. But the general sense of the House and the opinion of the members who speak and understand Malayalam more than me are entitled to more weight and if they are of that opinion, the honourable member will withdraw the word and use some other expression.

Mr. K. R. NARAYANAN ; ഞാൻ അപമാനകരം എന്നു് പ്രസ്താവിച്ചതു് ഒരു ദുരർത്ഥവും ഉപയോഗിച്ചല്ല. അപ്രകാരം പറയുകയാണെങ്കിൽ ഞാൻ അതു പിൻവലിച്ചുകൊള്ളുന്നു. മദ്ധ്യമകമായ രൂപത്തിനു്, പരിതാപകരമായ രൂപത്തിൽ, ദയനീയമായ രൂപത്തിൽ നായർ സമുദായത്തിലെ സ്ത്രീകൾ നടക്കുന്ന കാഴ്ചകാണുന്നുണ്ടോ? എന്നുമാത്രം ചോദിക്കുന്നു. അതറിയുവാൻ മുമതല നായർ സമുദായത്തിനില്ല? ഈ നിലയിൽ സാമ്പത്തികമായി അധഃപതിച്ചുകൊണ്ടിരിക്കുന്ന ഒരു സമുദായത്തെ രക്ഷിക്കുവാൻ നായർ സമുദായത്തിലെ ഓരോവ്യക്തിക്കും സഹോദര സമുദായത്തിലെ ഓരോ വ്യക്തിക്കും മുമതലയുള്ളതുകൊണ്ടു്, ഞാൻ

LIBRARY ARCHIVES Kerala Legislative Assembly

[Mr. K. R. Narayanan.]

ബില്ലിനെ പിൻതാങ്ങുകയും എതിർവശം പറഞ്ഞ എല്ലാ നിയമപണ്ഡിതന്മാരുടെയും വാദങ്ങളും സെലക്ട്കമ്മറിയിൽ തുലോചിക്കുവാനും പര്യാലോചിക്കുവാനുമുള്ള സൗകര്യം കൊടുക്കുവാൻ ഏറ്റവും പറ്റിയ അവസരമുള്ളതുകൊണ്ടും വളരെ വടംവലിനടക്കാതെ ഈ ബിൽ സെലക്ട്കമ്മറിയിൽ കൊണ്ടുവരണമെന്നു നായർ സമുദായത്തിന്റെ ശോഭനമായ ഭാവിക്കു അത്യന്താപേക്ഷിതമായതുകൊണ്ടും ഞാൻ ഈ ബില്ലിനെ ശക്തിയായി പിൻതാങ്ങിക്കൊള്ളുന്നു.

MR. C. K. SANKARA PILLAI: സെലക്ട്കമ്മറിക്കു തെളിവു് എടുക്കാനുള്ള അധികാരമുണ്ടോ?

MR. K. R. NARAYANAN: വേണ്ടിവന്നാൽ അധികാരമുണ്ടായിരിക്കുമല്ലോ?

RAJYASEVAPRAVINA G. PARAMESWARAN PILLAI: You have stated, Sir, that in regard to this Bill, the Government as such will not vote or take part in the discussion. We, on this side of the House, do not therefore propose to speak anything on behalf of Government with respect to the provisions of this Bill. But as you have given permission to official members to speak or act in their individual capacity, may I, in that capacity, make a few observations on the principle of this measure, especially, as has been observed on the floor of the House, I have had the privilege of being associated with the promulgation of the Nayar Act which is now in force. I am sorry, Sir, that the debate on this particular measure has been somewhat clouded by various references which perhaps could have been avoided as being not altogether pertinent to the subject. The main question before the House is whether after the lapse of nearly 20 years of the enactment of the Nayar Act, the community affected by this measure may not look back and review the situation and whether facts and circumstances do not exist which justify, nay, demand such review. It may be that all or some of the provisions in the Bill before the House, worded as they are may not commend themselves to some of my honourable friends. May we not, however, pause and consider whether there is any principle underlying this measure which merits further examination and scrutiny? I take it, Sir, that this Bill is but an attempt, however feeble or imperfect it may be, on the part of one of the honourable members of this House to enunciate or implement certain principles of fundamental importance which might well engage our attention with a view to remedy the defects brought about by the working of the Nair Act during the past two decades and to resolve certain doubts that have arisen in the interpretation of the Act.

The main object of the Bill, as I understand it, is to devise measures in order to arrest the wholly uneconomic fragmentation of holdings in the hands of the members of the Nayar Community and the conservation of property, to the extent possible, in the hands of the family. However wholesome may be the principle underlying indivi-

LIBRARY ARCHIVES Kerala Legislative Assembly

dual partition, the operation of the provisions relating to partition under the existing Act has been frought with consequences which were unanticipated, and the question now is whether it is not possible to mitigate at least to some extent the evil effects of such a measure by introducing the principle of preemption as is proposed in the amendment Bill and by the introduction of other equally effective measures.

Now, Sir, as a lawyer myself and as one who under the Gracious Commands of His Highness has had the privilege to administer the law for some time, I have come across numerous instances where certain features of the existing Act which were considered wholesome at the time of its promulgation have brought about results contrary to our expectations. It may be that as my honourable friend Mr. K. G. Parameswaran Pillai stated, the individualistic tendencies of the younger generation influenced the passing of the enactment as it is, but it is never too late nor will it be foolish nor unwise to take advantage of an opportunity given to review the whole situation

It is satisfactory to note, Sir, that as regards the need to arrest fragmentation of holdings and the introduction of a clause as to pre-emption, there is unanimity of opinion even among those who oppose the measure as such.

May I crave the permission of this House to ask whether, without waiting indefinitely for another suitable measure being introduced at some distant future, we may not avail ourselves of this opportunity to make an attempt, wholeheartedly and with a sense of compromise and harmony, seated together round the table. to evolve a measure which will truly promote the best interests of a rather important, ancient and historic community. Whatever may be the demerits of the details of the present measure, the Select Committee may invite criticism and may elicit opinions from all interests concerned. I would, therefore, without entering into the merits of the various provisions of the Bill, ask honourable members of this House belonging to all parties and communities whether they would not respond as they did in the year 1100 and agree to give us the benefit of their advice and co-operation on a measure of such vital importance.

MR. V. K. VELAYUDHAN (*Ambalapuzha* cum *Shertallai*) സർ, ബഹുമാനപ്പെട്ട മെംബർ മി. ടി. പി. വേലായുധൻപിള്ളയുടെ ഈ ഭേഗതിബില്ലിനെ ഞാൻ അനുകൂലിച്ചുകൊള്ളുന്നു. എന്നാൽ ഈ ബില്ലിനെ എതിർത്ത ഭാഗത്തുനിന്നും പ്രധാനമായി മുണ്ടിക്കാണിച്ച ഒരു കാര്യം, ഇത് ഒരു സാമുദായികനിയമമാണെന്നും ആ സ്ഥിതിക്ക് ആ സമുദായത്തിന്റെ അഭിലാഷം അനുസരിച്ച് ഒരു സാമുദായിക നിയമമാക്കികൊണ്ടുവരേണ്ടതാണെന്നും എന്നാൽ നായർ സമുദായത്തെ സംബന്ധിച്ചിടത്തോളം ഇങ്ങനെ ഒരു നിയമത്തിന്റെ ആവശ്യം ഇതുവരെയും പ്രകടമായിട്ടില്ലെന്നും ആയിരുന്നു. ഈ വാദത്തിന്റെ സാധുതയെപ്പറ്റി എനിക്കു മനസ്സിലാകുന്നില്ല. മി. ടി. പി. വേലായുധൻ

LIBRARY ARCHIVES Kerala Legislative Assembly

[Mr. K. R. Narayanan.]

പിള്ളയോട് എനിക്ക് എത്രതന്നെ സ്നേഹവും ബഹുമാനവും ഉണ്ടായിരുന്നാലും ഞാൻ ഈ ബില്ലിനെ എതിർക്കുമായിരുന്നു. എന്നാൽ വസ്തുത അതിനുവിപരീതമാണെന്നു ഞാൻ ഈ സഭയെ ബോദ്ധ്യപ്പെടുത്താം.

സർ, ഏകദേശം നാലുകൊല്ലത്തിനുമുമ്പു പന്തളത്തുവച്ചുകൂടിയ ഒരു നായർ സമ്മേളനത്തിൽ, നിലവിലിരിക്കുന്ന നായർ ആക്ടിൽ ചില ഭേദഗതികൾ വരുത്തണമെന്നു നിശ്ചയിക്കുകയും അതിനായി ഒരു കമ്മിറ്റിയെ നിയമിക്കയും ചെയ്തു. പന്തളത്തെ നായർ സമ്മേളനം, ഈ രാജ്യത്തുള്ള പത്തുലക്ഷത്തോളം വരുന്ന എല്ലാ നായന്മാരുടേയും പ്രാതിനിധ്യം വഹിച്ചിരുന്ന ഒരു സമ്മേളനം അല്ലായിരുന്നിരിക്കാം. എന്നാലും പന്തളത്തുകൂടിയ നായർസമ്മേളനത്തിൽ നാട്ടിലെ നായന്മാരെ ഒട്ടാകെ ബാധിക്കുന്ന ഒരു വിഷയമായിരുന്നു ആലോചനയ്ക്കെടുക്കപ്പെട്ടതു്. അതു് നായർ ആക്ടിലെ വ്യവസ്ഥകളിൽ ചില ഭേദഗതികൾ വരുത്തണമെന്നുള്ളതാണു്. ഈ നിശ്ചയം മിക്കവാറും എല്ലാവർക്കും അറിവുള്ളതാണു്. കൂടാതെ പത്രങ്ങളിലും പരസ്യംചെയ്തിരുന്നു. സാമുദായികകാര്യങ്ങളിൽ താല്പര്യമുള്ള എല്ലാ നായന്മാരും അതു് അറിഞ്ഞിരുന്നിരിക്കണം. എന്നാൽ പന്തളത്തുവച്ചുകൂടിയ നായർസമ്മേളനത്തിനു ശേഷം, ഈവക സംഗതികളെപ്പറ്റി സമുദായവ്യക്തികളിൽനിന്നോ, അല്ലെങ്കിൽ സംഘടിതകേന്ദ്രങ്ങളിൽനിന്നോ, യാതൊരു ശബ്ദവും ഞാൻ ഇതുവരെ കേട്ടിട്ടില്ല. മി. ടി. പി. വേലായുധൻപിള്ള കൊണ്ടുവന്ന ഈ ഭേദഗതി, വാദപ്രതിവാദത്തിനു എടുക്കുന്നതുവരെ ഇതിനെപ്പറ്റി ഒരു വ്യക്തിയും ഒരു അഭിപ്രായവും പ്രകടമാക്കിയിട്ടുമില്ല. എന്നാലും നായർ ആക്ടിൽ ചില ഭേദഗതിവരുത്തുന്നതു് പൊതുവേ ഗുണകരമാണെന്നാണു് എന്റെ അഭിപ്രായം. ഇതു് മറ്റു ബഹുമാന്യ മെമ്പറന്മാരും ഐകകണ്ഠ്യേന സമ്മതിക്കുമെന്നും ഞാൻ വിശ്വസിക്കുന്നു. അതുകൊണ്ടു് ഈ ഭേദഗതിയിൽ കൂടുതലായി വല്ല വ്യവസ്ഥകളും വരുത്തുന്നതിനുണ്ടെങ്കിൽ അതു് സിലക്ട് കമ്മിറ്റിമുഖേന വേണ്ടിയിരിക്കുന്നതിനാൽ, ബിൽ സിലക്ട് കമ്മിറ്റിക്കു് അയക്കണമെന്നു് അഭ്യർത്ഥിച്ചുകൊണ്ടു ബില്ലിന്റെ തത്വത്തോടു് അനുകൂലിക്കുന്നു.

PRESIDENT: Order, order. I am now asking the opinion of the House whether they consider that the stage has come when I can put the matter to the vote in view to what I have stated.

The House assented.

The question that the Bill be read in the Assembly was put to vote and carried. Mr. Puliyoor T. P. Velayudhan Pillai demanded a poll. A poll was taken and the following results were recorded.

LIBRARY ARCHIVES Kerala Legislative Assembly

AYES—(32).

1 Mr. K. G. Kesavan Nair
2 ,, K. Sukumaran
3 ,, M. K. Neelakantan
4 ,, R. Madhavan Nair
5 ,, V. Madhavan
6 ,, K. Chandrasekhara Bhattathiri
7 ,, Kadakkavur P. Madhavan
8 ,, P. S. Gopala Pillai
9 ,, A. K. Bhaskar
10 ,, V. Gangadharan Nair
11 ,, V. Sridharan Pillai
12 ,, S. Thiraviam Nadar
13 ,, Brahmapuram P. Yesudian
14 Rajyasevaniratha K. G. Parameswaran Pillai
15 Mr. V. K. Velayudhan
16 ,, Puliyoor T. P. Velayudhan Pillai
17 Mr. V. K. Velappan Nair
18 ,, C. S. Lakshmana Aiyar
19 Rajyasevapravina G. Parameswaran Pillai
20 Mr. N. Ramakrishna Pillai
21 ,, K. R. Narayana Aiyar
22 ,, G. Narayanan Tampi
23 Dewan Bahadur L. Venkitakrishnan
24 Mr. C. P. Gopala Panicker
25 ,, S. Ramaswamy Aiyar
26 ,, A. Narayanan Tampi
27 Sry. T. Narayani Amma
28 Mr. P. K. Kumaran
29 ,, T. T. Kesavan Sastri
30 ,, P. C. Adichan
31 ,, P. S. Muhamed
32 ,, K. R. Narayanan

NOES—(22.)

1 Mr. M. R. Ramakrisha Pillai
2 ,, A. Nesamony
3 ,, T. K. Narayana Pillai
4 ,, K. A. Mathew
5 ,, S. Sankaranarayanan Tampi
6 ,, K. K. Chellappan Pillai
7 ,, I. Varughese
8 ,, K. T. Michael
9 ,, Xavier Vincent
10 ,, P. M. Varughese
11 ,, V. I. Idiculla
12 Mr. A. P. Udayabhanu
13 ,, P. S. Nataraja Pillai
14 ,, P. K. Kuriakose
15 ,, S. Muthukaruppa Pillai
16 ,, C. K. Sankara Pillai
17 ,, G. Parameswaran Pillai
18 ,, K. Balakrishna Menon
19 ,, Chazhikkattu Joseph
20 ,, E. K. Madhavan
21 ,, P. O. Thomas
22 ,, J. T. Moraes

NEUTRALS—(13.)

1 Rajyasevanirata S. Chattanatha Karayalar
2 Mr. K. M. Paul
3 ,, D. Thomas
4 ,, V. S. Krisana Pillai
5 ,, J. W. Tolson
6 ,, J. E. A. Periera
7 Mr. Varkala K. Madhavan
8 ,, A. R. Sulaiman Sait
9 ,, P. K. Kunju
10 ,, K. A. Mahomed
11 ,, M. K. Mahomed
12 Dr. S. John
13 Mr. P. A. Kasim

LIBRARY ARCHIVES Kerala Legislative Assembly

[Mr. Puliyoor T. P. Velayudhan Pillai.]

The motion was carried.

The Secretary read the short title of the Bill.

MR. PULIYOOR T. P. VELAYUDHAN PILLAI: I move that the Bill be referred to a Select Committee consisting of the following members:

1 The Deputy President
2 Rajyasevapravina G. Parameswaran Pillai
3 Rajyasevanirata K. G. Parameswaran Pillai
4 Mr. C S. Lakshmana Aiyar
5 ,, V. K. Velayudhan
6 ,, K. Chandrasekhara Bhattathiri
7 ,, V. Madhavan
8 ,, P. S. Mahomed
9 ,, V. Sreedharan Pillai
10 ,, T. K. Narayana Pillai
11 ,, K. G. Kesavan Nair
12 ,, K. K. Chellappan Pillai
13 ,, K. R. Narayanan
14 ,, A. Nesamony
15 ,, K. T. Michael
16 ,, V. Gangadharan Nair
17 ,, T. T. Kesavan Sastri
18 ,, P. C. Adichan
19 Legal Remembrancer
20 Mr. T. P. Velayudhan Pillai
21 ,, R. Madhavan Nair
22 ,, Sreemathi T. Narayani Amma

Mr. V. K. Velappan Nair seconded.

The question that the Bill may be referred to the Select Committee consisting of the members mentioned above, was put and carried.

MOTION BY MR. P. S. NATARAJA PILLAI UNDER STANDING ORDER No. 20.

PRESIDENT: I would suggest for the consideration of Mr. P. S. Nataraja Pillai, a procedure which I think will conduce to convenience. There will be, not very long from now, another meeting of the House where this will continue and occupy a fairly high place as part-heard motion. I am suggesting to Mr. Nataraja Pillai that if he has no objection, he may formally move the motion for the consideration of the House and reserve his speech. I shall then ask the spokesman of Government, the Chief Secretary to give all the facts and figures and it will then enable honourable members to criticise the administration on the basis of those facts and figures. I do not think Mr. Nataraja Pillai will be able to make much progress between now

LIBRARY ARCHIVES Kerala Legislative Assembly